**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2695** **17-03-2022 - ൽ മറുപടിയ്ക്ക്**

**അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കാൻ നൽകിയ ഭൂമിയിൽ ഏലം കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീമതി കെ.കെ.രമ** | | **null<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കാൻ രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിന് വൈദ്യുതി ബോർഡ് പെർമിസ്സിവ് സാങ്ഷൻ നൽകിയ പൊന്മുടി ഡാമിന്റെ സംരക്ഷിത വൃഷ്ടി പ്രദേശത്ത് ഏലം കൃഷി ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (എ) | അനുമതി നൽകിയിട്ടില്ല. |
| (ബി) | പൊന്മുടി, ആനയിറങ്കൽ , മൂന്നാർ ഹെഡ് വർക്ക്, ചെങ്കുളം, ബാണാസുരസാഗർ എന്നീ ഡാമുകളുടെ സംരക്ഷിത വൃഷ്ടി പ്രദേശത്ത് അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കാൻ ഡാം സേഫ്റ്റി അതോറിറ്റി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | പൊൻമുടി, ശെങ്കുളം, ആനയിറങ്കൽ, മൂന്നാർ ഹെഡ് വർക്സ്, ബാണാസുരസാഗർ എന്നീ ഡാം പ്രദേശങ്ങളിൽ അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് ഡാം സേഫ്റ്റി അതോറിറ്റി നിർദ്ദേശങ്ങളൊന്നും നൽകി യിട്ടില്ല. |
| (സി) | കരാർ വ്യവസ്ഥയ്ക്ക് അനുസൃതമല്ലാതെയാണ് കരാർ നൽകിയ സൊസൈറ്റികൾ പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ കരാർ റദ്ദാക്കാൻ കെ.എസ്.ഇ.ബി. തയ്യാറാകുമോ? | (സി) | അത്തരത്തിൽ കെ.എസ്.ഇ.ബി.എൽ ഒരു കരാറിൽ ഏർപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ